**സ്ലീവാക്കാലം രണ്ടാം ഞായർ**
**മത്താ 24:29-36**

## മനുഷ്യപുത്രന്റെ മഹത്വപൂർണ്ണമായ ആഗമനം

**ഡോ. തേജസ് FCC**

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ കാണുന്ന കർത്താവിന്റെ അഞ്ച് പ്രഭാഷണങ്ങളിൽ അവസാനത്തേതായ യുഗാന്ത്യ പ്രഭാഷണത്തിലെ പ്രധാന വിഷയമാണ് മനുഷ്യപുത്രന്റെ പ്രത്യാഗമനം. മത്തായി 24:3-ൽ ശിഷ്യന്മാർ യേശുവിനോടു ചോദിച്ചു: ''നിന്റെ ആഗമനത്തിന്റെയും യുഗാന്ത്യത്തിന്റെ യും അടയാളമെന്താണ്?'' ഇവിടെയാണ് ഈശോ അതിന് പ്രത്യക്ഷമായി ഉത്തരം നല്കുന്നത്. ഭീകരമായ പീഡനങ്ങൾക്കു ശേഷമായിരിക്കും മനുഷ്യപുത്രന്റെ ആഗമനം. അതോടനുബന്ധിച്ച് ആകാശത്തിൽ വലിയ അടയാളങ്ങൾ കാണപ്പെടുകയും ചെയ്യും. 24:29 ''സൂര്യൻ ഇരുണ്ടുപോകും.''

സൂര്യൻ ഇരുളുകയും ചന്ദ്രൻ പ്രകാശം നല്കാതിരിക്കുകയും നക്ഷത്രങ്ങൾ നിപതിക്കുകയും ചെയ്യുന്ന സ്ഥിതി ലോകത്തിലെ ക്രമസംവിധാനം തകരാൻ പോകുന്നെന്ന സൂചനയും ഈ ഭൗതിക ലോകത്തിന്റെ അന്ത്യത്തെയും സൂചിപ്പിക്കുന്നു (2 പത്രോ. 3:10). ഭൗതികലോകം അതിഭൗതിക ലോകത്തിനുവേണ്ടി - യേശുവിന്റെ പുനരാഗമനത്തിനുവേണ്ടി വഴി മാറുന്നു. ദൈവത്തിന്റെ നിർണ്ണായക ദിവസത്തെ പ്രതിപാദിക്കാൻ പഴയ നിയമത്തിൽ ഇത്തരം ശൈലികൾ ഉപയോഗിക്കാറുണ്ട്. ഏശയ്യാ പ്രവചനത്തിൽ നാം ഇങ്ങനെ വായിക്കുന്നു. ''ഇതാ കർത്താവിന്റെ ക്രൂരമായ ദിനം ആസന്നമായിരിക്കുന്നു... ആകാശത്തിലെ നക്ഷത്രങ്ങളും നക്ഷത്രരാശിയും പ്രകാശം തരുകയില്ല...'' (13:9-10). (മറ്റുദാഹരണങ്ങൾ: ഏശ. 24:23, 34:4, എസെ. 32:7-8, ആമോ. 8:9, ജോയേ. 2:10, 2:30-31, 3:15) കർത്താവിന്റെ ദിനം ആഗതമാകുമ്പോൾ സൃഷ്ടപ്രപഞ്ചം ഉലഞ്ഞാടാൻ തുടങ്ങും. അപ്പോൾ ദൈവം മഹത്തായൊരു കാര്യം ചെയ്യാൻ പോകുന്നു എന്ന് ശിഷ്യർ മനസ്സിലാക്കണം. ഇന്ന് നാം ജീവിക്കുന്ന ഈ ഭൗതിക പ്രപഞ്ചം നിത്യമല്ല. അത് ആദ്ധ്യാത്മികമായ ദൈവരാജ്യത്തിന് വഴി മാറിയേ തീരൂ.

**24:30 - ''അപ്പോൾ ആകാശത്തിൽ മനുഷ്യപുത്രന്റെ അടയാളം...''**

മനുഷ്യപുത്രന്റെ ആഗമനത്തെക്കുറിച്ചുള്ള വിവരണത്തിന് ദാനിയേൽ പ്രവാചകന്റെ ഗ്രന്ഥത്തിലെ മനുഷ്യപുത്രന്റെ ആഗമനവുമായി അടുത്ത ബന്ധമുണ്ട് (7:13-14). ഈശോയുടെ ആദ്യവരവ് സഹന ദാസനായിട്ടാണെങ്കിൽ രണ്ടാമത്തെ വരവ് വാനമേഘങ്ങളിൽ മഹത്വീകൃതനായിട്ടാണ്. 'വാനമേഘം' ദൈവമഹത്വത്തിന്റെ പ്രതീകമാണ്. യേശു ദൈവമഹത്വത്തിൽ തിരിച്ചുവരുന്നത് പ്രപഞ്ചത്തിന്റെ മുഴുവൻ അധികാരം കൈയേല്ക്കാനും തന്റെ ജനത്തെ നീതിവത്കരിക്കുന്ന ന്യായവിധി നടത്താനുമാണ്.

**24:31 - *''നാലു ദിക്കുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചു കൂട്ടും.''***

നാലു ദിക്കുകളിൽ നിന്നുമെന്നാൽ ലോകം മുഴുവനിൽ നിന്നുമെന്നർത്ഥം. ആദിപാപത്തോടെ ചിതറിക്കപ്പെട്ട മനുഷ്യരെ മുഴുവൻ ദൈവം തന്റെ കരുണയാൽ ഒരുമിച്ചു കൂട്ടും. തിരഞ്ഞെടുക്കപ്പെട്ടവർ അമൂല്യരാണ്. അതിനാൽ അവരിൽ ഒരാൾ പോലും നശിച്ചുപോകാൻ ദൈവം അനുവദിക്കുകയില്ല. തിരഞ്ഞെടുക്കപ്പെട്ടവർക്ക് മനുഷ്യപുത്രന്റെ ആദ്ധ്യാത്മിക ശക്തിയിൽ നിത്യരക്ഷ ലഭിക്കുക തന്നെ ചെയ്യും.

**24:32-33 - *''അത്തിമരത്തിൽ നിന്നു പഠിക്കുവിൻ...''***

അത്തിമരം തളിർക്കുമ്പോൾ വേനൽക്കാലമായി എന്ന് ഏതൊരുവനും മനസ്സിലാക്കാൻ കഴിയും. അതുപോലെ ജറുസലേമിന്റെ നാശവും പ്രാപഞ്ചിക കോളിളക്കങ്ങളും കാണുമ്പോൾ മിശിഹാ

യുടെ അഗമന സമയമായി എന്ന് വിശ്വാസികൾ മനസ്സിലാക്കണം. അത്തിമരത്തിന്റെ ഉപമയിലൂടെ ലോകത്തിന്റെ വിനാശവും മനുഷ്യപുത്രന്റെ വരവിന്റെ സുനിശ്ചിതത്വവും അവിടുന്ന് പ്രഖ്യാപിക്കുകയാണ്. സുന്ദരമായ നഗരങ്ങൾ ഇല്ലാതാകുന്നതും മനുഷ്യൻ വിശ്വാസമർപ്പിച്ചിരിക്കുന്ന സംസ്കാരങ്ങളും ആചാരങ്ങളും തൂത്തെറിയപ്പെടുന്നതും കാണുമ്പോൾ ഈ ഭൗതികലോകത്തിന്റെ നാശോന്മുഖതയെപ്പറ്റി ചിന്തിക്കാൻ കഴിയണം. ഇത് ശാശ്വതമല്ലെന്നും കടന്നുപോകുന്നതാണെന്നുമുള്ള ബോധ്യത്തിൽ ശാശ്വതമായവനിൽ വിശ്വാസമുറപ്പിക്കണം.

**24:34 – *''ഇതെല്ലാം സംഭവിക്കുന്നതുവരെ ഈ തലമുറ കടന്നുപോവുകയില്ല.''***

യേശുവിന്റെ ഈ പ്രവചനഭാഗത്തെ ''ഈ തലമുറ'' ഏതാണ്? യേശുവിനെ കേട്ടുകൊണ്ടിരിക്കുന്ന തലമുറയാണോ? മത്തായിശ്ലീഹാ സുവിശേഷം എഴുതുമ്പോൾ ഉള്ള തലമുറയാണോ? അതോ സുവിശേഷം കേൾക്കാതിരിക്കുന്ന ഓരോ തലമുറയുമാണോ? ഈ 'തലമുറ'യെന്നത് വിശ്വാസികളുടെ, മിശിഹായെ അന്വേഷിക്കുന്നവരുടെ, തലമുറയാണെന്ന് ഒരിജൻ പറയുന്നു. 'തലമുറ' എന്നത് യഹൂദജനമോ, മനുഷ്യകുലമോ ആകാം. ഈ അടയാളങ്ങൾ കാത്തിരിക്കുന്ന ഭാവിയിലെ ജനവുമാകാം. ഇവിടെ 'ഈ തലമുറ' ഏതു തലമുറയാണെന്നുള്ളതല്ല പ്രധാന പ്രശ്നം. ''ഈ തലമുറ'' (മനുഷ്യവംശം) കടന്നുപോയാലും യേശു പ്രവചിച്ചതെല്ലാം – ദേവാലയത്തിന്റെ നാശവും ജറുസലേമിന്റെ നാശവും പ്രാപഞ്ചിക ലക്ഷണവും മനുഷ്യപുത്രന്റെ പുനരാഗമനവും – സംഭവിക്കുകയും തന്നെ ചെയ്യും.

**24:35 – ''ആകാശവും ഭൂമിയും കടന്നുപോകും... എന്റെ വചനങ്ങൾ കടന്നുപോവില്ല.''**

ഇത് യേശുവിന്റെ വചനത്തിന്റെ കാലാതീതവും നിത്യവുമായ സാദ്ധ്യതയെ സ്ഥിരീകരിക്കുന്നു. മനുഷ്യവംശവും, സൃഷ്ടി മുഴുവനും മാറിപ്പോയാലും യേശുവിന്റെ വാക്കുകൾക്കു മാറ്റമില്ല. യേശുവിന്റെ വാക്കുകളുടെ അലംഘനീയത അവിടുത്തെ ദൈവത്വത്തിന്റെ അടയാളമാണ് (സങ്കീ. 102: 25 –27, 119:160, ഏശ. 40:6–8, 51:6).

**24:36 – *''ആ ദിവസത്തെക്കുറിച്ചോ... അറിഞ്ഞുകൂടാ''***

യേശുവിന്റെ രണ്ടാത്തെ ആഗമനത്തെക്കുറിച്ച് പിതാവിനല്ലാതെ ആർക്കും അറിഞ്ഞുകൂടാ. ഇത് സ്വർഗ്ഗീയ പിതാവിന്റെ തിരുമനസ്സിന് വിധേയമായ കാര്യമാണ്. യേശുവിന്റെ വരവിനായി നമ്മൾ എപ്പോഴും ഒരുങ്ങിയിരിക്കണം. അതായത് പാപത്തെ ഉപേക്ഷിച്ച് വിശുദ്ധ ജീവിതം നയിച്ചുകൊണ്ട് യേശു എപ്പോൾ ആഗതനായാലും അവിടുത്തോടൊപ്പം പോകാൻ തയ്യാറായിരിക്കണം.

മിശിഹായുടെ രണ്ടാം വരവിന്റെ വിവരണവും അതിനൊരുക്കമായുള്ള പ്രപഞ്ചത്തിലെ രൂപമാറ്റങ്ങളും, യേശുവിന്റെ വചനങ്ങളുടെ അനശ്വരതയുമാണ് ഈ വചനഭാഗത്തെ പ്രധാന വിഷയങ്ങൾ. ജീവിതക്ലേശങ്ങളാൽ തളർന്ന് ഇനി എന്തു ചെയ്യും എന്ന ചിന്ത വരുമ്പോൾ മനുഷ്യപുത്രൻ വീണ്ടും വന്ന് നമ്മെ മഹത്വമണിയിക്കും എന്ന ചിന്ത നമുക്ക് കൂടുതൽ ഉത്തേജനം നല്കട്ടെ.